**കേരള സർക്കാർ**

60203/ആർ.എ 1/2014/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:18.10.2014

# <u>സർക്കുലർ</u>

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - അനധികൃതനിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്ത് ഉടനീളം അനധികൃതനിർമ്മാണങ്ങൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടും നിയമാനുസൃതമായി നടപടികൾ സ്വീകരിക്കുന്നില്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പിലെ വിജിലൻസ് വിംഗിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കുകയോ, രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളവയിൽ ശരിയായ രീതിയിൽ വിവരങ്ങൾ രേഖപ്പെടുത്തുകയോ, രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾക്ക് അനുസരിച്ച് നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. വളരെ ഗുരുതരമായ ചട്ടലംഘനത്തോടെ നിർമ്മാണം നടത്തിയിരിക്കുന്ന പല കെട്ടിടങ്ങളും 'UA' നമ്പറിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. ഇപ്രകാരം UA നമ്പർ ലഭിച്ചിട്ടുള്ള കെട്ടിടങ്ങൾ നിയമാനുസൃതമാക്കുന്നതിനു കെട്ടിട ഉടമയോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. നിലവിലുള്ള അനധികൃതനിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനായി സർക്കാർ വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷ നിശ്ചിത കാലാവധിക്കുള്ളിൽ സമർപ്പിക്കാവുന്നതാണ്.

അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് പല അവസരങ്ങൾ നൽകിയിട്ടും, കെട്ടിട ഉടമസ്ഥർ ആയത് വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാളിതുവരെ കണ്ടെത്തിയിട്ടുള്ള അനധികൃതനിർമ്മാണങ്ങൾ, സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ള നിശ്ചിത പ്രഫോർമയിൽ പഞ്ചായത്ത് ഡയറക്ടർ, മുനിസിപ്പൽ ഡയറക്ടർ എന്നിവർ ഒരു മാസത്തിനകം സർക്കാരിന് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത കാലാവധിക്കുള്ളിൽ അനധികൃതനിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാത്ത എല്ലാ അനധികൃത നിർമ്മാണങ്ങൾക്കെതിരെയും നിലവിലുള്ള ആക്റ്റിലേയും കെട്ടിടനിർമ്മാണ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല, UA നമ്പർ നൽകിയിട്ട് ഒരു വർഷത്തിൽ കൂടുതലായ എല്ലാ അനധികൃതനിർമ്മാണങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള റിപ്പോർട്ട് നവംബർ 30 ന് മുൻപ് എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാരും ജില്ലാ/റീജിയണൽ ഓഫീസർമാർക്കു നൽകേണ്ടതാണ്. അവർ അത്തരം റിപ്പോർട്ടുകൾ സമാഹരിച്ച് ജില്ല/റീജിയണൽതല റിപ്പോർട്ട് ഡിസംബർ 15 നകം സർക്കാരിലേക്കു സമർപ്പിക്കേണ്ടതാണ്.

(തുടർച്ച............2)

വീഴ്ചവരുത്തുന്ന തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും ജില്ല/റീജിയണൽ ഉദ്യോഗസ്ഥന്മാർക്കും എതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

**ജെയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
3. സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, കൊച്ചി)
4. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
5. റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
6. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
7. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
8. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ (തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
9. പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ)
10. പരിസ്ഥിതി വകുപ്പ്
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :

1. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.
4. തദ്ദേശസ്വയംഭരണ വകുപ്പ് (പഞ്ചായത്ത്) (അർബൻ അഫയേഴ്സ്) സെക്രട്ടറിയുടെ പി.എ.ക്ക്.
5. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.ക്ക്
6. തദ്ദേശസ്വയംഭരണ വകുപ്പ്, അണ്ടർ സെക്രട്ടറി.
7. തദ്ദേശസ്വയംഭരണ (ആർ.ഡി/ആർ.ബി) വകുപ്പുകൾ.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | യു.എ നമ്പർ നൽകിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ | അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ച കെട്ടിടങ്ങൾ | നടപടി സ്വീകരിക്കുവാൻ ബാക്കിയുള്ള കെട്ടിടങ്ങൾ | കോടതിയുടെ പരിഗണനയിലുള്ള കെട്ടിടങ്ങൾ |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |